
ലക്കം 21

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

**For Private Circulation only**

## ഉദ്ധരണി : ആത്മീയ ആരാധനയിൽ ഉപകരണസംഗീതത്തിന്റെ അകമ്പടിയില്ലാത്ത ക്രിസ്തീയ പാരമ്പര്യം


Harlan Sorrell

റോമൻ കത്തോലിക്കാ സഭ ഒരു സ്വാധീന ശക്തിയായി വരുന്നതു വരെ ക്രിസ്തീയസഭ കളിൽ ആരാധന വേളയിൽ സംഗീത ഉപകരണങ്ങൾക്ക് അധികപ്രാധാന്യത ഉണ്ടായിരുന്നില്ല. യാഥാസ്ഥികരായ യവനായ സഭകളിലും ഇതുതന്നെ യായിരുന്നു അവസ്ഥ. പിൽക്കാലത്തുവന്ന പ്രോട്ടസ്റ്റ് നവീനവക്താക്കൾ ഇവ ആരാധ നയിൽ നിന്നും നീക്കം ചെയ്യുകയാണ് ഉണ്ടായത്.

'കപ്പേള' എന്ന പദം "അനുസൃതമായ", "പള്ളി" എന്നിങ്ങനെയുള്ള രണ്ടു ലാറ്റിൻ പദങ്ങളിൽ നിന്നുമാണ് ഉരുത്തിരിഞ്ഞിട്ടു ള്ളത്. "പള്ളിയുടെ തനതായ സംഗീത ശൈലി: പ്രത്യേകിച്ച് പഴയ ശൈലി അകമ്പടി നാദങ്ങളൊഴിച്ചുള്ള" അപ്പോ സ്തലിക കാലയളവിൽ ഇതായിരുന്നു സംഗീതശൈലി എന്നതാണ് ചരിത്ര പരമായ വസ്തുത.

പുരാതന ബാപ്റ്റിസ്റ്റ് പ്രസംഗകനായിരുന്ന ചാൾസ് സ്പർജൻ കൃത്യമായിത്തന്നെ ഇപ്രകാരം പറയാറുണ്ടായിരുന്നു. "നമ്മുടെ ആരാധനയിൽ സംഗീത ഉപകരണങ്ങൾ ഒരു സഹായകരമല്ല, മറിച്ച് സ്തുതി ക്കുന്നതിന് തടസ്സമാണ് സൃഷ്ടിക്കുന്നത്." ഭൂമിയിൽ വച്ചുള്ള ഏറ്റവും മധുരമായ സംഗീതം വിശുദ്ധന്മാരുടെ ശബ്ദത്താ ലുള്ള ആത്മാവിലുള്ള ഒത്തൊരുമയോടു കൂടിയുള്ള അവരുടെ ആലാപനമാണ്. പരിശുദ്ധ ഹൃദയത്തെ പുളകം കൊള്ളി ക്കുന്ന സ്വർഗ്ഗീയ അനുഭൂതി പകരുന്നതും പാപികളുടെ ശ്രദ്ധയെ ആകർഷിക്കുന്നതുമാണത്.

തിരുവചനത്തെയും സഭാചരിത്രത്തെയും ആഴമായി പഠിക്കുന്ന ഏതൊരു വ്യക്തിക്കും ഗ്രഹിക്കുവാൻ കഴിയുന്ന ഒരു പരമാർത്ഥമാണ് എന്തുകൊണ്ടാണ് അപ്പൊസ്തലിക സഭയും അനബാപ്സ്റ്റു കളായ നവീകരണവീരന്മാരായ മാർട്ടിൻ ലൂഥറും, ജോൺ വസ്ലിയെപ്പോലുള്ളവരും ഡി.എസ് വാർണർ ഉൾപ്പെടെയുള്ളവർ സംഗീത ഉപകരണങ്ങൾ അവരുടെ ആരാധനാ വേളകളിൽ ഉപയോഗിക്കാ തിരുന്നതെന്ന്. സംഗീത ഉപകരണങ്ങളും മറ്റും അവർ രചിച്ച ഗാനങ്ങളിലും മറ്റും ഉപയോഗിച്ചുകൊണ്ട് വ്യക്തിപരമായും സാമൂഹ്യപരമായും ആസ്വദിച്ചു പോന്നു. എന്നാൽ ആത്മീയ ആരാധനയിൽ അവർ ഇവയൊന്നും ഉപയോഗിച്ചില്ല കാരണം അവർ യോഹന്നാൻ 4:23-24, അപ്പോ:17:24-25 തുടങ്ങിയ വേദഭാഗങ്ങളി ലുള്ള ആത്മീയ സത്യങ്ങളെ അവർ ശരിക്കും മനസ്സിലാക്കിയിരുന്നു. ആരാധന എന്നത് അവർക്ക് അകത്തെ മനുഷ്യന്റെ ആത്മപകർച്ചയായിരുന്നു. അത് പ്രാർത്ഥ നയിലായാലും പ്രസംഗത്തിലും സംഗീത ത്തിലുമെല്ലാം. അത്തരത്തിലുള്ള ആത്മീയ ആരാധനയിൽ സംഗീത ഉപകര ണങ്ങളുടെ സ്ഥാനം പുറത്തായിരുന്നു. (Catholic Encyclopedia. X,651) ആത്മാ വിൽ നിറഞ്ഞുള്ള വിശുദ്ധന്മാർ ഒരുമിച്ചുള്ള ആത്മീയ ഗാനാലപത്തെ

**ഭൂമിയിൽ വച്ചുള്ള ഏറ്റവും മധുരമായ സംഗീതം വിശുദ്ധന്മാരുടെ ശബ്ദത്താലുള്ള ആത്മാവിലുള്ള ഒത്തൊരുമയോടു കൂടിയുള്ള അവരുടെ ആലാപനമാണ്.**




| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം: ആരാധനയിൽ സംഗീതം | അനുബന്ധ ലേഖനം: ആരാധനയിൽ സംഗീതം | ചോദ്യവും - ഉത്തരവും | നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് |
| 3 | 4 | 5 - 10 | 11 | 12 |

ക്കാൾ മാധുര്യമുള്ള ശബ്ദം വേറെയില്ല. നിർഭാഗ്യമെന്നു പറയട്ടെ, ഇന്ന് ബഹുഭൂരി പക്ഷം ജനങ്ങൾക്കും സ്വർഗ്ഗീയഅനുഭൂതി പകരുന്ന ആത്മീയസന്തോഷം തുളുമ്പു ന്ന ആത്മാവിനെ തൊട്ടുണർത്തുന്ന സംഗീത ആരാധന തികച്ചും അജ്ഞാ തമാണ്. അതുപോലെ ആത്മാവിനെ സ്പർശിക്കുന്ന പ്രചോദനം നൽകുന്ന മറ്റൊന്നുമില്ല.

ഈ ആത്മീയ യുഗത്തിൽ, ജനങ്ങൾ ആത്മീയരായി ഉയർത്തപ്പെടുകയും ക്രിസ്തുവിനൊപ്പം സ്വർഗ്ഗസ്ഥലങ്ങളിൽ ഇരിക്കുകയും ചെയ്തതെങ്കിൽ മാത്രമേ ഇത്തരത്തിലുള്ള യഥാർത്ഥമായ ആരാധനാനുഭവം പ്രാപ്യമായി ത്തീരുകയുള്ളൂ. ആചാരപരമായോ അല്ലെങ്കിൽ യാന്ത്രികമായോ ഇത്തരം ആരാധന സാധ്യമാകില്ല. മറിച്ച് മനുഷ്യന്റെ ആത്മാവും ദൈവത്തിന്റെ ആത്മാവും തമ്മിലുള്ള സംഭാഷണത്തിലൂടെ മാത്രമേ അതു സാധ്യമാകൂ. നമ്മുടെ ആരാധനയിൽ നാം ആത്മാവിൽ പാടുന്നു, പ്രാർത്ഥിക്കുന്നു, പ്രസംഗിക്കുന്നു (പ്രസംഗം), പുതിയ നിയമത്തിന്റെ അധികാരം പ്രയോജ നപ്പെടുത്തുന്നു. യാന്ത്രികമായുള്ള ഉപകരണ ആലാപനം പുതിയ നിയമത്തിൽ നമുക്ക് എവിടെയും കാണാനാവില്ല. മനുഷ്യന്റെ ദേഹിയിലും ആത്മാവിലും ദൈവാത്മാവിനാലുള്ള അഭിഷേകത്താലാണത് പ്രാപ്യമാ കുന്നത്. കഴിവുറ്റ കരങ്ങളിലൂടെ സാധ്യമാക്കുന്ന മനോഹരമായ സംഗീത സംവിധാനങ്ങളിൽ ദൈവത്തിന്റെ താൽപര്യമോ പ്രസാദമോ ഇല്ല. നമ്മുടെ ഹൃദാന്തർ ഭാഗത്തിൽ നിന്നുയരുന്ന സ്വയസിദ്ധമായ സ്തുതിഗീതങ്ങളുടെ സൗരഭ്യവാസന മണക്കുവാനാണ് ദൈവത്തിനിഷ്ടം.

ആരാധനയിൽ നിന്നും സംഗീത ഉപകരണങ്ങൾ നീക്കം ചെയ്യുന്ന ഒരു വ്യക്തിക്ക് ആരാധനയുടെ കാര്യക്ഷമത കുറയുന്നതായി തോന്നുക സ്വഭാ വികം. എന്നാൽ യഥാർത്ഥത്തിൽ പരിശുദ്ധ ആത്മാവിന്റെ ചൈതന്യത്തോടു കൂടിയ ആരാധനയിൽ അതൊരു വിഷയമേയല്ല. ആരാധനയുടെ കാര്യക്ഷ മത എന്നത് യാന്ത്രികമായ സംഗീത ഉപകരണങ്ങൾ നീക്കം ചെയ്താലും ദൈവത്തിന്റെ ആത്മാവും മനുഷ്യന്റെ ആത്മാവും തമ്മിലുള്ള ഐക്യതയും ആത്മശക്തിയുടെ കവിഞ്ഞൊഴുക്കുമാണ്. അത്തരത്തിലുള്ള ആത്മീയ ആരാധനയിൽ ദൈവീക സൗഖ്യം തന്നെയുണ്ട്– അതൊന്നും യാന്ത്രികമായി സംഭവിക്കുന്നതല്ല.

> “ദൈവം ഒരിക്കൽ മനുഷ്യനിർമ്മിതമായ കൂടാരങ്ങളിൽ വസിച്ചു,
> യിസ്രായേലിനെ തന്റെ സ്വന്തജനമായി തിരഞ്ഞെടുത്തു; (D.O.Teasley)
> യഥാക്രമമമായി യെരുശലേമിൽ നടകൊണ്ടും,
> പുരാതനകാലത്തെ നീതിമാന്മാരാൽ ആരധിക്കപ്പെട്ടു.’’
>
> ദൈവത്തിന്റെ കലവറയിൽ മേൽത്തരമായതു പലതുമുണ്ട്
> എന്നാൽ ആദ്യനിയമങ്ങളും ചട്ടങ്ങളും മാറ്റപ്പെട്ടു.  (എബ്രായർ 9 :10),
> മനുഷ്യന്റെ ഹൃദയാന്തർമന്ദിരങ്ങളിൽ വസിച്ചു,
> പരിശുദ്ധ ഹൃദയത്തോടെ അവനെ ആരാധിക്കാം.

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാ ക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറ ത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴി യായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേക രുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# ബൈബിൾ
## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16–17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37–40, യോഹ. 14: 21–23,
1 യോഹ. 4: 7–11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3–7, 2 കൊരി. 5: 17,
റോമർ 6 : 1–4, എഫെ. 2: 1, 5–6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8–9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73–75, എബ്രാ. 12:14,
1 പത്രൊ. 1: 15–16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20–21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4–7, എഫെ. 4: 4–6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20–23, ഗലാ. 3: 28,
വെളി. 18: 2–4

**ചട്ടങ്ങൾ**
മത്താ. 28: 19–20, 26: 26–30, 1 കൊരി. 11: 23–27,
യോഹ. 13: 14–17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4–5,
യാക്കോബ് 5: 13–16

**വിവാഹശുശ്രൂഷ**
മത്താ. 19: 5–6, ലൂക്കോ. 16: 18,
റോമർ 7: 2–3, 1 കൊരി. 7: 10–11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9–10, 1 കൊരി. 11: 14–15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7–12, യോഹ. 5: 28–29,
2 കൊരി. 5: 10, മത്താ. 25: 31–46

**സാമാധാനവാദം:**
ലൂക്കോസ് 6: 27–29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23–24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

# പത്രാധിപലേഖനം



*യഹോവക്ക് അവന്റെ മഹത്വം കൊടുപ്പിൻ, വിശുദ്ധാലങ്കാരം ധരിച്ച യഹോവയെ നമസ്കരിപ്പിൻ." - സങ്കീ. 29:2*

ദൈവം സ്ഥാപിച്ച രണ്ട് ഉടമ്പടികളെ കുറിച്ചായിരുന്നല്ലോ നാം 18-ാം പതിപ്പിൽ വിശകലനം ചെയ്തത്. ഇത്തവണയും അതുമായി ബന്ധപ്പെട്ടുള്ള ഒരു വിഷയം വീണ്ടും പ്രതിപാദിക്കാം. ദൈവജനം ജഡത്താൽ സേവിക്കുന്നതിനു പകരം ആത്മാവിൽ ദൈവത്തെ സേവിക്കുവാൻ ഇടവരട്ടെ. സംഗീത ഉപകരണങ്ങളുടെ സഹായത്താലുള്ള ആരാധന പുതിയ നിയമസഭയിൽ ആത്മാവിലുള്ള ആരാധനക്ക് പകരമായി വന്നതാണ്. ആത്മാവില്ലാത്ത ഉപകരണങ്ങൾ ഉപയോഗിക്കുന്നതും മെഴുകുതിരി കത്തിച്ച് വയ്ക്കുന്നതും ദൈവത്തിന് മഹത്വം കൊടുക്കുന്നില്ല വിശുദ്ധ ഹൃദയത്തോടും അധരത്തിൽ നിന്നുമാമണ് യഥാർത്ഥത്തിൽ ആരാധ്യനായ ദൈവം മഹത്വപ്പെടുന്നത്. അപ്രസക്തവും പ്രധാന്യത ഇല്ലാത്ത വിഷയമാണിതെന്ന് ഒരു പക്ഷേ പലരും കരുതുന്നുണ്ടാവും. പഴയനിയമ ശൈലിയിലുള്ള ആരാധനാ രീതി നമുക്ക് പിൻപറ്റാവുന്നതാണോ? പുതിയ നിയമത്തിൽ സംഗീത ഉപകരണത്തോടെയുള്ള ആരാധനയെക്കാൾ ആത്മാവിലുള്ള ആരാധനക്കാണ് പ്രസക്തി.

അമേരിക്കയിലും മറ്റ് വിദേശരാജ്യങ്ങളിലും ഞാൻ മിക്കപ്പോഴും സംഗീതഉപകരണങ്ങൾ ഉപയോഗിച്ചുള്ള ആരാധനയിൽ പങ്കെടുത്തിട്ടുണ്ട്. പലപ്പോഴും അതെല്ലാം ജഡിക ഉല്ലാസത്തിന് ഉപാധിയായിത്തീരുന്നതായാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഈ അവസരത്തിൽ ആത്മാർത്ഥതയോടെ ആത്മാവിൽ ആരാധിക്കുന്ന ചുരുക്കം ചിലർക്കെങ്കിലും പ്രസ്തുത ഉപകരണങ്ങൾക്കൊപ്പമുള്ള ആരാധന ഒരു തടസ്സമായി പരിണമിക്കുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ചെറിയ കൂടി വരവുകളിൽ പോലും ആത്മാവിലുള്ള വിശുദ്ധന്മാരുടെ ഒരുമിച്ചുള്ള ഉപകരണങ്ങളൊന്നുമില്ലാതെയുള്ള ആരാധന എത്ര അനുഗ്രഹപ്രദമാണ്.

സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനെ മിക്ക ആളുകളും ന്യായീകരിക്കാറുള്ളത്, അവരുടെ സംസ്കാരം ആരാധനയുടെ ഭാഗമാക്കുന്നു എന്നു വാദിച്ചു കൊണ്ടാണ്. ഒരു പിയാനോയോ ട്രംസെറ്റോ ഉപയോഗിക്കുന്നത് മിക്കവാറും ആവരവരുടെ സംസ്കാരത്തിന്റെ ഭാഗമായാകും. എന്നാൽ സമയത്തിന്റെ നീക്കത്തിൽ ക്രമേണ അതും ജഡീക ഉല്ലാസമാണ് പ്രദാനം ചെയ്യുക.

സംഗീത ഉപകരണങ്ങൾ, ആരാധനക്കായി ഹൃദയങ്ങളെ ആകർഷിക്കുവാൻ സഹായിക്കുന്നു എന്ന് ചിലർ ശഠിക്കാറുണ്ട്. ആത്മീയ കാഴ്ചപ്പാടിന്റെ അഭാവമാണിതിനു കാരണം. യോഹന്നാൻ 6:43-44- ൽ ഇപ്രകാരം കാണാം. "ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിനടുക്കൽ എത്തുന്നില്ല." ജനങ്ങളെ എന്തിലേക്കാണ് നാം നയിക്കുന്നത് എന്നത് വലിയ ഒരു വിഷയം തന്നെ. ജഡീക ഉല്ലാസത്തിലേക്കോ അതോ ആത്മീയ സന്തോഷത്തിലേക്കോ എന്നതാണ് പ്രധാനപ്പെട്ട കാര്യം. പരിശുദ്ധാത്മാവ് ജനഹൃദയങ്ങളെ മാനസാന്തരത്തിലേക്കും ദൈവീക സ്പർശനത്തിലേക്കുമാണ് നയിക്കുന്നത്.

സംഗീതം ദൈവത്തിന്റെതാണ്. അത് ദൈവം മനുഷ്യർക്ക് നൽകിയ ഒരു വരം തന്നെയാണ്. ദൈവജനം ദൈവത്തെ പാടി മഹത്വപ്പെടുത്തേണമെന്ന് ദൈവം ആഗ്രഹിക്കുന്നു. യഥാർത്ഥ ആത്മാഭിഷേകത്തിനും ആത്മീയ ചൈതന്യത്തിനും മാനുഷികമായ ഒരു പകരക്കാരനായാണ് സംഗീത ഉപകരണങ്ങൾ പ്രവർത്തിക്കുന്നത്. ആത്മാവിന്റെ ചൈതന്യമില്ലെങ്കിൽ ആ ആരാധന നിർജ്ജീവമാണ്. സംഗീത ഉപകരണങ്ങൾ കൂടാതെയുള്ള വിശുദ്ധന്മാരുടെ ഒരുമിച്ചുള്ള ആരാധന എത്ര അനുഗ്രഹകരമാണ് ആനന്ദകരമാണ്.

**മൈക്കിൾ ഡബ്ല്യു. സ്മിത്ത്**

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org

# ബൈബിൾ പഠനസഹായി

## വിഷയം : ആരാധനയിൽ സംഗീതം



**സംഗീത ഉപകരണങ്ങളുടെ ഞറങ്ങളും അടയാളങ്ങളും**

**ദൈവമക്കളുടെ ഇടയിലുള്ള പരസ്പര സ്നേഹവും ഐക്യതയുമാണ് യഥാർത്ഥ സൗന്ദര്യവും തിളക്കവും. ശലോമോൻ ദൈവാലയം പ്രതിഷ്ഠിച്ചത് 120 പുരോഹിതന്മാർ ഒത്തൊരുമിച്ച് കാഹളം ഊതികൊണ്ടാണ്. (2 ദിനവൃ 5: 12–14) ദൈവമഹത്വം കൊണ്ട് ആലയം നിറഞ്ഞു. പുതിയ നിയമത്തിൽ പെന്തകൊസ്തു നാളിൽ 120 ക്രിസ്തു ശിഷ്യർ കൂടിയിരുന്ന മാളികമുറിയിൽ ദൈവസാന്നിദ്ധ്യം ഇറങ്ങിവന്നു. ദൈവാത്മാവ് ശക്തിയോടെ വ്യാപരിച്ചു അവരിൽ നിറഞ്ഞു. അവരെല്ലാം വരും ദൈവ ഇഷ്ടം ചെയ്യുന്ന നീതിയുടെ ഉപകരണങ്ങളായിത്തീർന്നു**

**വായനഭാഗം:** സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരി ക്കേണമെന്ന് പിതാവ് ഇച്ഛിക്കുന്നു. ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം.” – യോഹന്നാൻ.4:23–24

**രത്നചുരുക്കം :** പഴയനിയമകാലത്തുള്ള ആരാധനയിൽ സംഗീത ഉപകരണങ്ങൾ പരമ്പരാഗതമായ ആചാരപ്രകാരം ഉൾപ്പെടുത്തിയിരുന്നു. പുതിയ നിയമത്തിൽ സംഗീത ഉപകരണത്തെക്കാൾ ആത്മാവിലുള്ള ആരാധനക്കാണ് പ്രാധാന്യം

---

**I. പഴയനിയമത്തിൽ സംഗീതഉപകരണം**

A. ഉല്പത്തി. 4:21 യൂബാലിന്റെ കണ്ടുപിടുത്തം
B. സഭാപ്രസംഗി 2:8 മനുഷ്യ പുത്രന്മാരെ ആനന്ദിപ്പിക്കുന്നു
C. പുറപ്പാട് 15:20–21 മിര്യാമിന്റെ ആരാധന
D. 2 ദിനവൃ. 20:27 –28 വിജയത്തിന്റെ ആഘോഷം
E. 1 ശമു. 10:5 പ്രവാചക നിർദ്ദേശങ്ങൾ

**II. ദാവീദും സംഗീത ഉപകരണങ്ങളും**

A. 1 ശമു.16:15–23 കിന്നരം വായനയിൽ സമർത്ഥൻ.ശൗലിന്റെ ദുരാത്മാവിനെ പുറത്താക്കുന്നു
B. സങ്കി 33:1–3 സംഗീത ഉപകരണം മുഖാന്തിരമുള്ള സ്തുതി (സങ്കി. 150:1 – 6)
C. 1 ദിനവൃ. 15:15,16 ദാവീദ് നിയമിച്ച ഉപകരണങ്ങൾ

**III. ദാവീദ് നിയമിച്ച ആലയത്തിലെ ആരാധന**

A. 1 ദിനവൃ 23:5 ദൈവത്തിന്റെ ആലയത്തിനായി ദാവീദ് ഉപകരണങ്ങൾ ക്രമീകരിച്ചു (2 ദിനവൃ:5:1)
B. 1 ദിനവൃ 25:6 ദാവീദിന്റെ ക്രമപ്രകാരമുള്ള ഉപകരണങ്ങൾ
C. 2 ദിനവൃ29:25–28 ദാവീദിന്റെ കല്പനപ്രകാരമുള്ള ഉപയോഗവും ക്രമീകരണവും

**IV. പ്രവാചകന്മാരുടെ ശാസന**

A. യെശയ്യ 5: 11–13 ജഡപ്രകാരമുള്ള വിരുന്നുകളിലെ സംഗീതം
B. ആമോസ് 6:1–5 ദാവീദിനെപ്പോലെ സംഗീത ഉപകരണം ക്രമീകരിച്ച വർക്കുള്ള മുൻ അറിയിപ്പ്

**V. പുതിയ നിയമകാലത്തെ പുതിയ നിലവാരം**

A. മത്തായി 5:17 ന്യായപ്രമാണം നിവർത്തിക്കപ്പെട്ടു
B. എബ്രായർ 10:1–9 ഒരു പുതിയ നിലവാരം
C. യോഹന്നാൻ 4:23,24 സത്യനമസ്കാരികൾ സത്യത്തിലും ആത്മാവിലും ആരാധിക്കും
D. അപ്പോ 17:22–25 ദൈവം മനുഷ്യകരങ്ങളാൽ ആരാധിക്കപ്പെടേണ്ടവനല്ല

**VI. പുതിയ നിയമ ഉപദേശവും പ്രവർത്തനവും**

A. മത്തായി 26:30 യേശുവിന്റെയും ശിഷ്യന്മാരുടെയും ഗാനാലപം
B. റോമർ 15:9 ദൈവത്തെ മഹത്വീകരിപ്പാൻ പാടുക
C. 1 കൊരി 14:15 ആത്മാവിലും ബുദ്ധിയിലും പാടുക
D. എഫെസ്യർ 5:18–20 ഹൃദയത്തിൽ ആനന്ദത്തോടെ പാടുക
E. കൊലൊസ്യർ 3:16 സങ്കീർത്തന ങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും (യാക്കോബ് 5:13)
F. എബ്രായർ 2:12 സ്തുതി പാടുക
G. എബ്രായർ 13:15 അധരഫലമെന്ന സ്തോത്രയാഗം അർപ്പിക്കുക

**VII. ലൗകീക ആരാധന**


A. 2 തീമൊ 3:1–5 ലോകമോഹങ്ങളെ സ്നേഹിക്കുന്നവർ
B. 1 യോഹന്നാൻ 2:15, 17 ലോകത്തെ സ്നേഹിക്കരുത്

**VIII. ആത്മീയ ആരാധന**

A. റോമർ 12:1 – 2 ഈ ലോകത്തിന് അനുരൂപരാകരുത്
B. 1 പത്രോസ് 2:5 ആത്മീയ യാഗങ്ങൾ അർപ്പിക്കുക

**ഉപസംഹാരം:** സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധി ഉപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയത്തിൽ ദൈവത്തിന് പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകലജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ (കൊലൊസ്യർ 3:16)

# ആരാധനയിൽ സംഗീതം



**“പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കണം എന്ന് പിതാവ് ഇച്ഛിക്കുന്നു (യോഹന്നാൻ 4 :23). ഇങ്ങനെയാണ് യേശു ശമര്യാ സ്ത്രീയോട് കിണറിനു അരികെ വച്ചു പറഞ്ഞത്. ക്രിസ്തുവിന്റെ വാക്കുകൾ ഉച്ചൈസ്തരം പറയുന്നു സത്യ ആരാധനയുടെ രീതിയും വ്യവസ്ഥയും മറ്റൊന്ന് ആണ് എന്ന്**

## സത്യ ആരാധന കാംക്ഷിക്കുന്നു.

ക്രിസ്തുവിന് മുൻപ് ആരാധനയുടെ രീതി ആചാരപരവും അനുഷ്ഠാനപരവും ആയിരുന്നു. ദൈവജനം ചില ദിവസങ്ങളെ വിശുദ്ധമായി കണക്കാക്കി യാഗങ്ങളും സൗരഭ്യവാസനയായ യാഗങ്ങളും, ആചാരപരമായ ശുദ്ധീകരണവും, വാദ്യമേളങ്ങളോട് കൂടിയ സംഗീതം മുതലായവയെല്ലാം അർപ്പിച്ചു പോന്നിരുന്നു. യേശുക്രിസ്തുവിന്റെ അവതാരത്തോടു കൂടി ദൈവം ജഡത്താലും, ജഡത്തിലുമുള്ള ആരാധനയിലും സംതൃപ്തിപ്പെടാതെ മനുഷ്യന്റെ ആത്മാവ് പരിശുദ്ധാത്മാവിനാൻ നിറഞ്ഞുള്ള ആത്മീക ബന്ധം ഇഷ്ടപ്പെടുന്നു. തെറ്റായ ആരാധന ഇന്നും തുടർന്നു കൊണ്ടിരിക്കുമ്പോൾ സത്യ ആരാധന ദൈവം അന്വേഷിച്ചു കൊണ്ടിരിക്കുന്നു.

ആധുനിക കാലഘട്ടത്തിലെ ആരാധനയുടെ നല്ലൊരു ഭാഗവും സംഗീത ഉപകരണങ്ങളെ ചുറ്റിപ്പറ്റിയുള്ളതാണ്. തന്നെത്താൻ വിശുദ്ധരായി ദൈവത്തിനു മഹത്വവും ആദരവും ബഹുമാനവും അർപ്പിക്കുന്ന സത്യനമസ്കാരികൾ ആയിരിക്കണം ദൈവമക്കൾ എന്ന് ദൈവം ആഗ്രഹിക്കുന്നു. ആരാധന ദൈവത്തിനു മഹത്വം അർപ്പിക്കുന്നതിനും വിശ്വാസികളിൽ ആത്മീക വർദ്ധനയ്ക്കും ഉള്ളതായിരിക്കേണം. ആ ലക്ഷ്യം മനസ്സിലും ഹൃദയത്തിലും ഉണ്ടെങ്കിൽ സംഗീത ഉപകരണങ്ങളാലുള്ള ആരാധന ദൈവത്തിനും സ്വീകാര്യമായി അർപ്പിക്കാം എന്നു പറയുവാൻ കഴിയുമോ?

ദൈവം പേരെടുത്ത് പറയാത്ത ധാരാളം കാര്യങ്ങൾ ബൈബിളിൽ ഉണ്ട്, പക്ഷേ സത്യത്തിന്റെ തത്വങ്ങൾ അനുഗമിക്കുവാൻ അവിടുന്നു നമുക്ക് കല്പന നൽകിയിരിക്കുന്നു. ചരിത്രരേഖകളും പ്രായോഗിക വീക്ഷണങ്ങളും ചേർത്തു നോക്കിയാൽ സംഗീത ഉപകരണങ്ങൾ ആത്മീ കവർദ്ധനവിനു കൃപായുഗത്തിലെ ആരാധനയിൽ ഉപകാരപ്പെടുന്നില്ല എന്നു ദൈവവചനവും പരിശുദ്ധാത്മാവും വ്യക്തമാക്കുന്നു

## സംഗീത ഉപകരണങ്ങളുടെ ഉത്ഭവം

ഉല്പത്തി 4:21 –ൽ സൂചിപ്പിക്കുന്നതു കയീന്റെ പിൻഗാമിയായ യൂബാൽ, ആയിരുന്നു കിന്നരവും വേണുവും പ്രയോഗിക്കുന്ന എല്ലാവരുടെയും പിതാവ് എന്നാണ്. കയീന്റെ പിൻഗാമികളെ തിരുവചനത്തിൽ പരാമർശിച്ചിരിക്കുന്നത് “മനുഷ്യരുടെ പുത്രന്മാർ” എന്നാണ്, കാരണം അവർ “ദൈവത്തിന്റെ പുത്രന്മാർ” എന്നു വിളിക്കപ്പെട്ട ശേത്തിന്റെ പിൻഗാമികളെപ്പോലെ ദൈവത്തെ പിൻതുടർന്നില്ല. ദൈവത്തെ പ്രസാദിപ്പിക്കുവാൻ താൽപര്യമില്ലാത്ത അഭക്തരായ ജനങ്ങളിൽ നിന്നാണ് സംഗീത ഉപകരണങ്ങൾ ഉണ്ടായത് എന്നത് ആശ്ചര്യം ഉളവാക്കുന്നു. ചില സന്ദർഭങ്ങളിലും സാഹചര്യങ്ങളിലും സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്നത് തെറ്റ് അല്ലെങ്കിലും തലമുറകളായി ശത്രു യഥാർത്ഥ സമാധാനം ഹൃദയത്തിനും ആത്മാവിനും നല്കുവാൻ കഴിയുന്നവനിൽ നിന്ന് ജനത്തെ അകറ്റി നിർത്തിയിരിക്കുന്നു. ശലോമോൻ “വെള്ളിയും പൊന്നും രാജാക്കന്മാർക്കും സംസ്ഥാനങ്ങൾക്കുമുള്ള ഭണ്ഡാരവും സ്വരൂപിച്ചു; സംഗീതക്കാരെയും സംഗീതകാരത്തികളെയും മനുഷ്യരുടെ പ്രമോദമായ അനവധി സ്ത്രീ ജനത്തെയും സമ്പാദിച്ചു” എന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു (സഭാപ്രസംഗി 2:8), എങ്കിലും തന്റെ സകല

പരിശ്രമങ്ങളെയും നോക്കി അതെല്ലാം മായയും വൃഥാ പ്രയത്നവും എന്ന് അനുതപിക്കുകയും ചെയ്തിരിക്കുന്നു. (സഭാപ്രസംഗി 2:11). അപ്പോൾ തന്നെ വാദ്യമേളങ്ങൾക്ക് മനസ്സിനെ താല്ക്കാലികമായി ആശ്വസിപ്പിക്കുവാനും, കോപത്തിൽ നിന്നു അയവു വരുത്തുവാനുമുള്ള കഴിവും ഉണ്ടെങ്കിലും ഒരിക്കലും അവയ്ക്ക് നീതി വരുത്തുവാൻ കഴിവില്ല

## സംഗീത ഉപകരണങ്ങളുടെ ഉപയോഗം പഴയനിയമകാലത്ത്

**ദാവീദിന്റെ സമയം വരെ സജീവ ആരാധനയ്ക്ക് സംഗീത ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നില്ല; എന്നാൽ അതിനു ശേഷം രാജാവ് അതു കല്പിച്ചതായോ നിയോഗിച്ചതായോ തിരുവചനം വ്യക്തമാക്കുന്നു.**

വിവിധ നിലകളിൽ പഴയനിയമ ഭക്തന്മാർ സംഗീത ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു. ജഢത്തിലുള്ള ആഹ്ലാദത്തിന്റെ പ്രദർശനമായി ചെങ്കടൽ കടന്നതിനു ശേഷം മോശെയുടെ സഹോദരി മിര്യാം കൈയിൽ തപ്പെടുത്ത് സ്ത്രീകൾ എല്ലാവരോടും കൂടെ നൃത്തം ചെയ്തു (പുറപ്പാട് 15:20-21). യുദ്ധം ജയിച്ചതിനു ശേഷം സംഗീ ത ഉപകരണങ്ങളാൽ യഹോവയെ മഹത്വപ്പെടുത്തുവാൻ സൈന്യം ആഹ്വാനം നൽകിയിരുന്നു (2 ദിനവൃത്താന്തം 20: 27-28). പൂജാഗിരിയിൽ നിന്ന് വാദ്യോപകരണങ്ങളോടു കൂടി ഇറങ്ങിവന്ന പ്രവാചക ഗണത്തെ ശൗൽ കണ്ടു (1 ശാമുവേൽ 10:5). തന്റെ മനസ്സ് ശാന്തമായതിനു ശേഷം പ്രവചിക്കേണ്ടതിനു വേണ്ടി എലീശ, ഒരു വീണക്കാരനെ തന്റെ മുമ്പിൽ കൊണ്ടു വരുവാൻ ആവശ്യപ്പെട്ടു (2. രാജക്കന്മാർ 3:14-15). സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുമ്പോൾ തന്നെ അവയൊന്നും സമാഗമന കൂടാരത്തിൽ ആരാധനയ്ക്കായി ഉപയോഗിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. സമാഗമന കൂടാരത്തിന്റെ രൂപകല്പന, ഉപകരണങ്ങൾ, യാഗത്തിനും ആരാധനയ്ക്കുമുള്ള നിർദ്ദേശങ്ങൾ എന്നിവയൊക്കെ ദൈവം നൽകിയപ്പോൾ സംഗീത ഉപകരണങ്ങൾ, യഥാർത്ഥ ആരാധനയ്ക്ക് പരിഗണിച്ചില്ല.



## ദാവീദ് – സംഗീതം ഇഷ്ടപ്പെട്ടവൻ

ദാവീദ് രാജാവ് ചെറുപ്പം മുതൽ തന്നെ കിന്നരം വായിക്കുന്നതിൽ നിപുണൻ ആയിരുന്നു. ശൗൽ രാജാവ് ദുരാത്മാവിനാൽ ബാധിക്കപ്പെടുമ്പോൾ ദാവീദ് കിന്നരം എടുത്തു വായിക്കുമ്പോൾ ദുരാത്മാവ് ശൗലിനെ വിട്ടുപോയിരുന്നു (1 ശമുവേൽ 16:15-23). ഇതു സംഗീതത്തിന്റെ ഒരു നിയമമാണ്. വാക്കുകൾക്ക് മനുഷാത്മാവിനെ തൊടുവാൻ കഴിയാതിരിക്കുന്നയിടത്ത്. സംഗീതത്തിനു അതു സാധിക്കുന്നു. ജഢികമായി സംഗീത ഉപകരണങ്ങൾക്കു മനസ്സിന്റെ പ്രശ്നങ്ങൾക്കും കഷ്ടതകൾക്കും താൽക്കാലിക പരിഹാരം വരുത്തുവാൻ കഴിയും, എങ്കിലും ശാശ്വതമായ ഒരു മാറ്റം വരുത്തുവാൻ കഴിയുകയില്ല.

ദാവീദ് സംഗീതവും സംഗീത ഉപകരണങ്ങൾ ഉണ്ടാക്കുവാനും ഇഷ്ടപ്പെട്ടിരുന്ന ഒരുവൻ ആയിരുന്നു. യഹോവയുടെ പെട്ടകം കൊണ്ടു വരുവാൻ ദൈവവചനത്തിൽ മോശെ കൽപിച്ച പ്രകാരം ദാവീദ് ചെയ്തു (1 ദിനവൃത്താന്തം 15:15-16). എന്നാൽ ലേവ്യരിൽ പ്രധാനികളെ സംഗീത ഉപകരണങ്ങളെ ധ്വനിപ്പിക്കേണ്ടതിനു നിർത്തുവാൻ കല്പിച്ചത് ദൈവം ആവശ്യപ്പെട്ടതല്ലായിരുന്നു. അതു സംഗീതത്തിനോട് ദാവീദിനുണ്ടായിരുന്ന തീഷ്ണമായ ആഗ്രഹത്താൽ നിയമിച്ചതാണ്. സങ്കീർത്തനങ്ങൾ മുഴുവൻ ദാവീദിന്റെ സ്തുതികളും സംഗീത ഉപകരണങ്ങളുടെ ഉപയോഗത്തെ പുകഴ്ത്തുന്നതുമാണ് (സങ്കീർത്തനം 150: 1 – 6). അവനു പുതിയ പാട്ടു പാടുവിൻ ഘോഷത്തോടെ നന്നായി വാദ്യം വായിക്കുവിൻ (സങ്കീർത്തനം 33:3).

## രാജാവ് വാദ്യോപകരണങ്ങൾ ഏർപ്പെടുത്തി

ദാവീദ് ഉണ്ടാക്കിയ വാദ്യോപകരണങ്ങളാൽ യഹോവയെ സ്തുതിക്കുന്നതിന് ലേവ്യരെ ഏർപ്പെടുത്തി (1 ദിനവൃത്താന്തം 23 : 5). ദൈവവചനത്തിൽ സംഗീത ഉപകരണങ്ങളോ, സംഗീതജ്ഞന്മാരെയോ സമാഗമന കൂടാരത്തിൽ നിയമിച്ചിട്ടില്ല എന്നു വ്യക്തമായി ദൈവവചനം വ്യക്തമാക്കുന്നതിനാൽ ഇവരെ നിയമിച്ചതു ദാവീദ് രാജാവിന്റെ കല്പന പ്രകാരം ആയിരുന്നു (1 ദിന വൃത്താന്തം 25: 6). ലേവ്യരെ സംഗീത ഉപകരണങ്ങളോടു കൂടെ നിയമിച്ചത് “ദാവീദിന്റെ കല്പനയാലും” വാദ്യഘോഷക്കാരെയും സംഗീതക്കാരെയും “നിയോഗിക്കുകയും ചെയ്ത് യിസ്രായേലിന്റെ രാജാവായ ദാവീദാണ്” (2 ദിനവൃത്താന്തം 29 : 25 -28).

ശലോമോൻ, നിർമ്മിച്ച ദൈവാലയം നശിപ്പിച്ച് ബാബേൽ പ്രവാസ ത്തിലേക്ക് പിടിച്ചു കൊണ്ടുപോയ ജനം മടങ്ങിവന്നു യഹോവയുടെ ആലയത്തിനു അടിസ്ഥാനമിട്ടപ്പോൾ യിസ്രായേൽ രാജാവായ ദാവീദിന്റെ ചട്ട പ്രകാരം യഹോവയ്ക്കു സ്തോത്രം ചെയ്യുവാൻ പുരോഹിത ന്മാരെയും ആസാഫ്യരെയും കാഹളങ്ങളോടും കൈത്താളങ്ങളോടും കൂടെ നിർത്തി (എസ്ര 3:10) എന്നു പറയുന്നു. ആ കാലഘട്ടത്തിലെ ആരാധന ആത്മീക ത്തിനെക്കാൾ ഉപരിയായി ആചാരപരമായിരുന്നു എന്നും ദാവീദിന്റെ കാലത്തിനു മുൻപ് ആരാധനയിൽ സംഗീത ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നില്ല എന്നും ദാവീദ് രാജാവാണ് അവയെ കല്പിച്ചാക്കിയതെന്നും തിരുവ ചനം വ്യക്തമാക്കുന്നതു ചുരുങ്ങിയ പക്ഷം നാം മനസ്സിലാക്കിയിരിക്കണം.

## പ്രവാചകന്മാർ നാശത്തിന്റെ മുന്നറിയിപ്പ് നൽകിയിരുന്നു.

യെശയ്യ പ്രാവാചകൻ മദ്യം തേടി ഓടുന്നവർക്കും, വിരുന്നുകളിൽ കിന്നരവും വീണയും തപ്പും കുഴലും വീഞ്ഞും അന്വേഷിക്കുകയും ചെയ്യുന്നവർക്കും അയ്യോ കഷ്ടം എന്നു പറയുന്നു." സീയോനിൽ സ്വൈരികളായി ശമര്യാ പർവ്വതത്തിൽ നിർഭയരായി .... നിങ്ങൾ വീണാ നാദത്തോടെ വ്യർത്ഥസംഗീതം ചെയ്ത് ദാവീദ് എന്ന പോലെ വാദിത്രങ്ങളെ ഉണ്ടാക്കുന്നു" (ആമോസ് 6: 1–5). "യഹോവ നിങ്ങളുടെ ഉത്സവങ്ങളെ ദ്വേഷിച്ചു നിരസി ക്കുന്നു; നിന്റെ പാട്ടിന്റെ സ്വരം എന്റെ മുമ്പിൽ നിന്നും നീക്കുക; നിന്റെ വീണാനാദം ഞാൻ കേൾക്കുകയില്ല" (ആമോസ് 5 : 21 – 24). മാനുഷിക വികാരങ്ങളെ ഉണർ ത്തുവാൻ കഴിവുള്ള ദാവീദിന്റെ സംഗീത ഉപകരണങ്ങ ൾക്കും അതിന്റെ സംഗീത മികവിനും യിസ്രായേൽ മക്കൾക്കു ദൈവവുമായി ഒരു ആത്മീക ബന്ധത്തിലേക്ക് എത്തുവാൻ സാധിച്ചില്ല. ഒരു ലേഖകൻ ഉന്നയിച്ച ചോദ്യം ഇങ്ങനെ: "ന്യായപ്രമാണത്തിൻ കീഴിൽ മനു ഷ്യന്റെ കണ്ടുപിടുത്തങ്ങൾക്ക് ആത്മീക ഫലം പുറ പ്പെടുവിക്കുവാൻ കഴിയുന്നില്ലെങ്കിൽ പിന്നെ എങ്ങനെ അവ പുതിയ നിയമകാലത്തു ആത്മീക ഫലങ്ങൾ പുറപ്പെടുവിക്കും?"

## പുതിയ നിയമം ആത്മീക ആരാധന അവതരിപ്പിക്കുന്നു

ന്യായപ്രമാണം യേശുക്രിസ്തുവിൽ കൂടി നിവൃത്തി ആയതിനാൽ (മത്തായി 5 : 17) യഥാർത്ഥ നീതിയി ലേക്കും വിശുദ്ധിയിലേക്കുമുള്ള വഴി യേശു ക്രിസ് തുവിൽ കൂടി നൽകപ്പെട്ടിരിക്കുന്നു. രണ്ടാമത്തെതിനെ (N.T) സ്ഥാപിക്കുവാൻ യേശു ക്രിസ്തു ആദ്യത്തേ തിനെ (O.T) നീക്കി കളഞ്ഞ് (എബ്രായർ 10:1 –9) ന്യായപ്രമാണത്തിനു കഴിയാതിരുന്നതിനെ സാധിപ്പിച്ചു. ദൈവജനത്തിനു ക്രിസ്തുവിലുള്ള ഈ പുതിയ ജീവിതം ദൈനംദിന പ്രവർത്തനവും ആരാധനയും വ്യത്യസ്തമാക്കി. അതിനാൽ ചുമത്തപ്പെട്ടിരുന്ന ജഡിക നിയമങ്ങൾക്കു പകരം ആത്മാവിനാൽ ജഡത്തിന്റെ തടസ്സങ്ങൾ എല്ലാം മാറ്റി എല്ലായിപ്പോഴും ദൈവീക കൂട്ടായ്മ അനുഭവിക്കുവാൻ നമ്മെ സ്വതന്ത്രമാക്കി യിരിക്കുന്നു. അഥേനയിൽ അരയോപഗമദ്ധ്യേ നിന്ന് പൗലോസ് ധൈര്യത്തോടെ പ്രസംഗിച്ചതു "ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാക്കുക കൊണ്ട് കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല. താൻ എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ ആകയാൽ വല്ലതിനും മുട്ടുള്ളവൻ എന്നതു പോലെ മനുഷ കൈകളാൽ ശുശ്രൂഷ ആവശ്യപ്പെടു ന്നില്ല എന്നാണ് (അ.പ്രവർ ത്തികൾ 17: 22–25). മനുഷ്യരുടെ കൈകളുടെ വൈദഗ്ധ്യം കൊണ്ട് ദൈവത്തെ മഹത്വപ്പെടു ത്തുവാനോ ആരാധി ക്കുവാനോ, ദൈവത്തിനു വേണ്ടി നിർമ്മി ക്കുന്നതായ മനോഹ രങ്ങളായ ദൈവാല യങ്ങളിലോ മറ്റ് ക്ഷേത്രങ്ങളിലോ ദൈവം വസിക്കുന്നില്ല. ദൈവം ആത്മാവാകുന്നു, തന്റെ ജീവനും ആത്മാവും പ്രാപിച്ചവർക്കു മാത്രമേ സത്യത്തിൽ അവനെ ആരാധി ക്കുവാൻ കഴിയുകയുള്ളൂ. ദൈവത്തെ ആരാധിച്ച് നീതീകരിക്കപ്പെടുവാൻ മനുഷ്യനെ സജ്ജമാക്കിയിരിക്കു കയാൽ ദൈവീക ജീവനിലും ആത്മാവിലും ആരാധിക്കുന്ന ഉപകരണങ്ങളായി നീതീകരിക്കപ്പെടാം.

**ന്യായപ്രമാണത്തിൻ കീഴിൽ മനുഷ്യന്റെ കണ്ടുപിടുത്തങ്ങ ൾക്കു ആത്മീക ഫലം പുറപ്പെടുവി ക്കുവാൻ കഴിയു ന്നില്ലങ്കിൽ പിന്നെ എങ്ങനെ അവ പുതിയ നിയമകാല ത്തു ആത്മീക ഫലങ്ങൾ പുറപ്പെടുവിക്കും?**



## ജഡവും ആത്മാവും

പഴയനിയമ ആരാധന അക്ഷരീകവും ജഡികവും ആയി രുന്നു. എന്നാൽ ഇപ്പോൾ സ്വീകാര്യമായ സത്യ ആരാധന ആത്മാവിലുള്ളതാണ്. സത്യ ആരാധന, യാഗം അർപ്പിച്ചു കൊണ്ടുള്ള ജഡത്തിലെ ആരാധനയും സൗരഭ്യവാസന യാഗവും, ജീവനില്ലാത്ത സംഗീത ഉപകരണങ്ങളിൽ നിന്നു ള്ള സംഗീതവും നീക്കിക്കളഞ്ഞു. ക്രിസ്തുവും ആദിമസ ഭയും മാതൃകയായി പുതിയ നിയമവചനത്തിൽ നൽകിയി രിക്കുന്നതു പുതിയതും ഗുണകരവുമായ ഒരു ആരാധനയാ ണ്. ക്രിസ്തുവും ശിഷ്യന്മാരും പെസഹായ്ക്ക് ശേഷം സ്തോത്രം പാടി (മത്തായി 26: 30). പുതിയ നിയമസഭയിൽ നിന്ന് യൂബാലിന്റെയും ദാവീദിന്റെയും സംഗീത ഉപകരണ ങ്ങൾ മാറ്റി. നിർജ്ജീവമായ മനുഷ്യ നിർമ്മിത ഉപകരണങ്ങ ളാൽ ഇനി ദൈവത്തെ ആരാധിക്കുന്നതിനു പകരം മനുഷ്യ വൈദഗ്ധ്യങ്ങൾക്കു നിർമ്മിക്കുവാൻ കഴിയാത്ത സംശുദ്ധ മായ വിശുദ്ധിയുടെ നിറവിൽ ദൈവത്തെ ആരാധിക്കാം. റോമർ 15 : 10 ൽ പറയുന്നത് " നിന്നെ വാഴ്ത്തി നിന്റെ നാമ ത്തിനു സ്തുതി പാടും" എന്നും 1 കൊരിന്ത്യർ 14:15 "ആത്മാവ് കൊണ്ട് പാടും" എന്നും പൗലോസ് സൂചിപ്പിച്ചി രിക്കുന്നു. നീതീകരിക്കപ്പെട്ടിരിക്കുന്നവരുടെ ഹൃദയത്തിൽ നിന്നു വരുന്ന ശബ്ദത്തിനു എന്നതു പോലെ സംഗീത ഉപ കരണങ്ങളുടെ ശബ്ദത്തിനു വിവേചനം ഇല്ല. കർത്താവിനെ മഹത്വപ്പെടുത്തുവാൻ സംഗീത ഉപകരണങ്ങൾ ഉപയോഗി ക്കുവാൻ ആദിമ സഭ ഒരിക്കലും നിർദ്ദേശിച്ചില്ല; പിന്നെയോ "സഭാമദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും" എന്നാണ് ആവർ

ത്തിച്ചു പറഞ്ഞിരിക്കുന്നത് (എബ്രായർ 2: 12).“ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും” എന്നും എഫേസ്യർ 5:19 ലും “സങ്കീർത്തന ങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധി ഉപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും” എന്ന് കൊലൊസ്സ്യർ 3:16 ലും കാണുന്നു

## പുതിയ നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്നത് വായ്പ്പാട്ട് മാത്രം

പുതിയ നിയമ ആരാധനയിൽ സംഗീത ഉപകരണങ്ങളെ നേരിട്ട് നിരോധിക്കുന്നില്ലെങ്കിലും അതിന്റെ ഉപയോഗത്തെ സൗരഭ്യവാസന യാഗവും ദീപങ്ങളും പോലെ ഒരിടത്തും അനുശാസിക്കുന്നില്ല. പഴയപുതിയ നിയമ സമ്പ്രദായങ്ങൾ തമ്മിൽ പൂർണ്ണമായ വ്യക്തത ഉള്ളതിനാൽ ഏതെങ്കിലും കാര്യങ്ങളുടെ അംഗീകാരത്തിനു നിഗമനങ്ങളുടെ ആവശ്യം ഇല്ല. സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ ദൈവവചനം മൗനം പാലിക്കുന്നു എന്നു മാത്രമല്ല, പുതിയ നിയമവചനങ്ങൾ വ്യക്തമായി നിർദ്ദേശിച്ചിരിക്കുന്നത് വിശുദ്ധന്മാർ ഹൃദയങ്ങളിൽ പാടുവാനാണ്. “അവർ ദൈവത്തിനു അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കണം” (എബ്രായർ 13:15). അധരങ്ങളിൽ നിന്നുള്ള സംഗീതം മാത്രമാണ് ക്രിസ്തീയ ആരാധനയിൽ ദൈവം അംഗീകരിച്ചിരിക്കുന്നത്.



## ആദിമ സഭയുടെ ക്രമം

ആദിമ സഭയിലെ ആരാധനയിൽ തിരുവചനം അനുശാസിച്ചിരുന്ന സംഗീതം മാത്രമല്ലാതെ സംഗീത ഉപകരണങ്ങളെ പരിഗണിച്ചിരുന്നില്ല എന്ന് ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും. താഴെ കാണുന്ന ഉദ്ധരണികൾ ശ്രദ്ധിക്കുക:

“ക്രൈസ്തവ സഭയുടെ ശൈശവ സമയം സാധാരണ പാട്ടുകൾ അല്ലാതെ യഹൂദന്മാരുടെ ഇടയിൽ ഉണ്ടായിരുന്നത് പോലെയുള്ള സംഗീതത്തെ സ്വീകരിച്ചിരുന്നില്ല” (Justin Martyr A.D 139)

“സമാധാനത്തിന്റെ ഏക ഉപകരണം, നാം ദൈവത്തെ ആദരിക്കുകയും സേവിക്കുകയും ചെയ്യുന്ന വചനം അല്ലാതെ ഒന്നില്ല. ആ പഴയ കീർത്തനവും കാഹളവും കുഴലും ഡ്രമ്മും ഒന്നും ഇനി വേണ്ട”
(Clement of Alexandria A.D 153-217)

“വീണയും കിന്നരവും കൊണ്ടുള്ള സംഗീതം, അവയെല്ലാം കണ്ടുപിടിച്ച അപ്പോളോ, മ്യൂസസ്, മിനർവ്വ, മെർക്കുറി എന്നീ ദേവന്മാർക്ക് ഉള്ളതാകയാൽ നിങ്ങൾ ക്രിസ്ത്യാനികൾ അവയുടെ ഉപജ്ഞാതാക്കളെ വെറുക്കുകയും തിരസ്കരിക്കുകയും ചെയ്യുന്നതു പോലെ, ഉപേക്ഷിച്ചു കളയണം” (Tertullian c.AD 200)

“സംഗീത ഉപകരണങ്ങൾ ക്രിസ്ത്യാനികളെ സംബന്ധിക്കുന്നതല്ല”
(John chrysostom A.D 345-407)

“സഭയിൽ സംഗീതത്തിന് അപ്പൊസ്തലന്മാരുടെ കാലത്തോളം പഴക്കം ഉണ്ട്, പക്ഷേ ഉപകരണ സംഗീതത്തിന് അങ്ങനെ അല്ല” (Joseph Bingham works Vol.111 p.137)

വിശുദ്ധ ശുശ്രൂഷകർക്കു എല്ലായിടത്തും അധരങ്ങൾ കൊണ്ടുള്ള സംഗീതമാണ് യഥാർത്ഥമായിട്ടുള്ളത് എന്ന കാര്യത്തിന് സംശയമില്ല”
(Emil Nauman. The History of Music vol.1 p. 177)

“മതപരമായ കാര്യങ്ങൾക്കു ഉപകരണ സംഗീതം യോജിച്ചതല്ല എന്ന് അപ്പൊസ്തലന്മാരും അവർക്കു ശേഷമുള്ള കൃതികളും പഠിപ്പിക്കുന്ന വീക്ഷണമാണ് ക്രിസ്ത്യാനിത്വത്തിന് ഉള്ളത്, സംഗീത ഉപകരണങ്ങളുടെ ഉപയോഗത്തെ കുറിച്ച് ക്രിസ്തീയ ഉറവിടങ്ങൾ യാതൊന്നും തന്നെ പറയുന്നില്ല. പാട്ടു മാത്രമാണ് ദിവ്യ ആരാധനയ്ക്കായി പരിഗണിച്ചു പറയുന്നത്” (New Oxford History of Music Vol. 1, p. 135)

“പാട്ട് മാത്രമല്ലാതെ സംഗീത ഉപകരണങ്ങളുടെ ഉപയോഗം ആദിമസഭയിൽ അനുവദിച്ചിരുന്നില്ല” (Hugo Leichtentritt)

“അവർ ഉപയോഗിക്കുന്ന സംഗീതം നിശബ്ദമായി അവരുടെ മതത്തെ ആവിഷ്കരിക്കുന്നു. അവരുടെ ആദിമകാല സഭയിലെ പാട്ടുകൾ എല്ലാം വായ്പ്പാട്ട് ആയിരുന്നു” (F.L Humphrey. Evolution of Church Music)

**“കേൾക്കുവാനോ കാണുവാനോ കഴിയുന്നില്ല എങ്കിൽ നമ്മുടെ സഭകളിൽ സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ എനിക്ക് യാതൊരു വിരോധവും ഇല്ല”**

- JOHN WESLEY (1703-1791)

## കത്തോലിക്കാ സഭയിൽ സംഗീത ഉപകരണങ്ങളുടെ അവതരണം

അഞ്ചാമത്തെയോ ആറാമത്തെയോ നൂറ്റാണ്ടു വരെ സംഗീത ഉപകരണങ്ങൾ കത്തോലിക്കാ സഭയിൽ വളരെ കുറഞ്ഞ തോതിൽ മാത്രമേ പുനരവതരണം ചെയ്തിരുന്നുള്ളു. 16–ാം നൂറ്റാണ്ടുവരെ സഭയിൽ സംഗീത ഉപകരണങ്ങളെ അധികം പ്രോത്സാഹിപ്പിച്ചിരുന്നില്ല. അതിന്റെ ഉപയോഗത്തെ പ്രതിരോധിക്കുന്ന ആളുകൾ സഭയിൽ ഉണ്ടായിരുന്നതിനാൽ 1545 ലെ ട്രന്റ് കൗൺസിലിൽ അതു നിരോധിക്കുന്നതിനോട് യോജിപ്പ് കാണിച്ചിരുന്നു. (Schaff-Herzog Encyclopedia. 11,1702) വർഷങ്ങൾക്കു ശേഷം, പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളിലെ ആധികം ആളുകളും സംഗീത ഉപകരണങ്ങൾ ആരാധനയിൽ ഉപയോഗിച്ചില്ല. എന്നാൽ വർഷങ്ങൾക്കു ശേഷം അവരിൽ പലരും സഭാവിഭാഗങ്ങൾ പഠിപ്പിച്ചതിനു വിപരീതമായി ആലപിക്കുന്നത് ആശ്ചര്യം തന്നെ.

## ആധുനിക സഭകൾ സംഗീത ഉപകരണങ്ങൾ ചേർത്തു പിടിക്കുന്നു.



വിശുദ്ധ ആരാധനയ്ക്ക് യോഗ്യമല്ല എന്നു കരുതി 19–ാം നൂറ്റാണ്ടുവരെയും ക്രിസ്തീയ നേതൃത്വങ്ങൾ സംഗീത ഉപകരണങ്ങൾ നിരസിച്ചിരുന്നു. 1865 ൽ അമേരിക്കയിലെ ആഭ്യന്തര കലാപം അവസാ നിച്ച പ്പോൾ ഏകദേശം 10,000 ക്രിസ്തീയ വിഭാഗങ്ങൾ ഉള്ളതിൽ 50–ൽ പരം വിഭാഗങ്ങൾ ആരാധനയ്ക്ക് സം ഗീത ഉപകരണങ്ങൾ ഉപയോഗിച്ചില്ല എന്ന് ബഞ്ച മിൻ ഫ്രാങ്കളിൻ എന്ന ഒരു ശുശ്രൂഷകൻ മനസ്സിലാ ക്കി. ആ സമയം മുതലാണ് സംഗീത ഉപകരണങ്ങൾ ആരാധന പിടിച്ചടക്കുവാൻ തുടങ്ങിയതു. വലിയ ആൾക്കൂട്ടത്തെ ആകർഷിക്കുവാൻ സഭകൾ, ആത്മാ വിനെക്കാൾ ജഡത്തിനു താല്പര്യം നൽകി. പീയാ നോയും ഓർഗനുമായി ഈ അനുരഞ്ജനം തുടങ്ങിയെങ്കിലും

ശേഷം 10–ാം പേജിൽ

# നവീകരണ കർത്താക്കളിൽ നിന്ന്...

**ആരാധനയിൽ ഓർഗൻ ബാലിനുള്ള സ്ഥാനമാണ്. റോമർ കത്തോലിക്കർ അതു യഹൂദനിൽ നിന്നും കടമെടുത്തു**

**– MARTIN LUTHER (1483–1546)**

"ന്യായപ്രമാണത്തിലെ നിഴൽ ആയിരുന്ന സൗരഭ്യവാസന യാഗങ്ങളോടും ദീപങ്ങളോടും മറ്റ് പ്രതീകങ്ങളോടും തെല്ലും യോജിക്കുന്നതല്ല. ആരാധനയിൽ സംഗീത ഉപകരണങ്ങളെ പുനഃസ്ഥാപിക്കുന്നത് പാപ്പാമതക്കാർ ബുദ്ധിഹീനരായി ഇങ്ങനെ പലതും യഹൂദമതത്തിൽ നിന്നു കടമെടുത്തതാണ്. ബാഹ്യമായ പ്രശംസയിൽ ശ്രദ്ധിക്കുന്നവർ ഇത്തരം ശബ്ദങ്ങളിൽ സന്തോഷിക്കുന്നു; എന്നാൽ അപ്പോസ്തലന്മാരിൽ കൂടി ദൈവം നമ്മോട് കല്പിച്ച ലാളിത്യം ഇനിയും വിദൂരത്താണ്"

**- John Calvin (1509 -1564)**

Commentary on the 33rd psalm

**"അയാൾ (D.S Warner) തുറന്നും, നിർബ്ബന്ധമായും ദൈവസഭയിൽ സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് എതിരായി പഠിപ്പിച്ചു. അദ്ദേഹത്തിന്റെ കാലത്തു ദൈവസഭകൾ ഒന്നും അതു ഉപയോഗിച്ചില്ല"**

**- C.E.Orr (1844-1933)**

*NOT A NEW MOVEMENT*

"ഈ വക സംഗീത ഉപകരണങ്ങൾ ആരാധനയ്ക്കായി ക്രിസ്തീയ സഭയിൽ ഉപയോഗിക്കുന്നതു അംഗീകാരമില്ലാതെയും ദൈവയിഷ്ടത്തിനു വിപരീതവു മായാണ് എന്നു ഞാൻ (കൂടുതലായി) വിശ്വസിക്കുന്നു. അതു പാപവും യഥാർത്ഥ ആരാധനയെ അട്ടിമറിയ്ക്കുന്നതും ആകുന്നു.... വൃദ്ധനും, തഴക്കം വന്ന ഒരു ശുശ്രൂഷകനുമായിരിക്കുന്ന ഞാൻ ഇവിടെ പ്രഖ്യാപിക്കുന്നത് അവകൊണ്ട് ഗുണകരമായ യാതൊന്നും ആരാധനയിൽ ഇല്ലെന്നും അവ തിന്മയുടെ ഉല്പന്നമാണ് എന്നതു ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. സംഗീതം ഒരു ശാസ്ത്രം എന്ന നിലയിൽ ഞാൻ അതിനെ വിലമതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു; എന്നാൽ ദൈവാലയത്തിൽ സംഗീത ഉപകരണങ്ങളെ ഞാൻ വെറുക്കുകയും അറയ്ക്കുകയും ചെയ്യുന്നു. ഇതു സംഗീതത്തിന്റെ ദുരുപയോഗം എന്നും ക്രിസ്ത്യാനിത്വത്തിന്റെ നേതൃത്വത്തിലുള്ള എല്ലാ ആരാധനയിലും ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയും ചെയ്യുന്നു"

**- Adam Clarke (1762-1832)**

Commentary on Amos 6 :5

പിന്നീട് എല്ലാവിധ ഉപകരണങ്ങളും കടന്നു വന്നു. ലോകത്തിന്റെ സംഗീതം ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടു ന്നവരുടെ സംഗീതമായി. ആധുനിക രീതിയിലുള്ള ആരാധനയുടെ ഈ തലം ജഢത്തിൽ നിന്നുള്ളതാണ്. സംഗീത ഉപകരണങ്ങളുടെ ശബ്ദം മനുഷ്യന്റെ വൈ കാരിക തലങ്ങളെ ഉണർത്തുന്ന തിനാൽ യഥാർത്ഥ ആത്മീക ആരാധനയ്ക്ക് പകരം ജഢത്തിലെ ആരാധന യിലേയ്ക്ക് അടുപ്പിക്കുന്നു.

## ആഗ്രഹിക്കുന്നത് ആത്മീക ആരാധന

ആഫ്രിക്കയിലെ ഡ്രമ്മുകൾ, ഏഷ്യയിലെ ഓർഗനുകൾ, യൂറോപ്പിലെ വാദ്യവൃന്ദങ്ങൾ, അമേരിക്കയിലെ സംഗീത സംഘങ്ങൾ എന്നിവയുടെ സാംസ്കാരികവും പരമ്പരാ ഗതവുമായ പരിശീലനങ്ങൾക്കുപരിയായി. ആരാധന യിലെ ലാളിത്യവും സാമൂഹ്യ മാതൃകയുമാണ് പരിഗണി ക്കേണ്ടതു. ജഢിക ആരാധനയുടെ മാതൃക ലോകത്തി ന്റേതും ജഢമോഹവും കൺമോഹവും ജീവനത്തിന്റെ പ്രതാപവും ആകർഷിക്കുന്നതുമാണ് (1 യോഹന്നാൻ 2:15-17). ലോകത്തെ സ്നേഹിക്കുന്ന അനേകം സഭാവിഭാ ഗങ്ങൾ ആദിമസഭയുടെയും തിരുവചനത്തിൽ നിർദ്ദേശി ച്ചിരിക്കുന്ന ആരാധനയുടെ ലളിതമായ ക്രമങ്ങളെ ഉപേ ക്ഷിക്കുകയും ചെയ്തു. അപ്പോസ്തലനായ പൗലോസ്, തിമൊഥിയൊസിനെ ഓർപ്പിക്കുന്നത് " അന്ത്യകാലത്തു ദുർഘട സമയം വരും എന്നറിയുക. മനുഷ്യർ സ്നേഹി കളും .... ദൈവപ്രീയമില്ലാതെ ഭോഗപ്രീയരായി ഭക്തി യുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കു ന്നവരും ആയിരിക്കും. ഇങ്ങനെയുള്ളവരെ വിട്ടൊഴിയുക" എന്നാണ് (2 തിമൊഥിയൊസ് 3:1-5).

## പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കുന്ന ആരാധന

ഇന്നും ദൈവത്തിന്റെ ജനത്തെ വിളിക്കുന്നത് അവരുടെ ജീവിതം ദൈവത്തിനു ജീവനും വിശുദ്ധിയുമുള്ള യാഗമായി തീരുവാനാണ് "സഹോദരന്മാരെ ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധി പ്പിക്കുന്നത്. നിങ്ങൾ ബുദ്ധിയുള്ള ആരാധന യായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗ മായി സമർപ്പിക്കുവിൻ. ഈ ലോകത്തിനു അനു രൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയു മുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ട തിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12 : 1-2). ആത്മീയ ആരാധന എന്നു പറയുന്നതു സംഗീത ഉപകരണങ്ങളെ മാറ്റിവയ് ക്കുന്നതു മാത്രമല്ല, വിശുദ്ധമായ ജീവിതത്തിൽ നിന്നു പരിശുദ്ധാത്മാവ് നിറഞ്ഞൊഴുകുന്നത് കൂടിയാണ്, നമ്മുടെ ഹൃദയം സ്വർഗ്ഗത്തിലെ സംഗീതവുമായി ലയിച്ച് പോകുന്നതും ദൈവകൃ പയ്ക്ക് ഒത്തവണ്ണം ഐക്യപ്പെട്ടു പോകുന്നതും ആയിരിക്കട്ടെ. നമുക്ക് ജീവനുള്ള കല്ലുകൾ എന്ന പോലെ ആത്മീക ഗൃഹമായി ക്രിസ്തു മുഖാന്ത രം ദൈവത്തിനു പ്രസാദമുള്ള ആത്മീകയാഗം കഴിപ്പാൻ തക്ക വിശുദ്ധപുരോഹിത വർഗ്ഗമാക്കേ ണ്ടതിനു പണിയപ്പെടാം (1 പത്രോസ് 2: 5)

- MWS

# ദൈവവചന നിർദ്ദേശം

ആത്മാവിലും സത്യത്തിലും ആരാധന – യോഹന്നാൻ 4:23-24

തമ്മിൽ സംസാരിക്കുകയും പാടിയും – എഫേസ്യർ 5:19

തമ്മിൽ പഠിപ്പിച്ചും ബുദ്ധി ഉപദേശിച്ചും – കൊലൊസ്സ്യർ 3:16

നിങ്ങളുടെ ഹൃദയങ്ങളിൽ സ്തോത്രം പാടിയും – കൊലൊസ്സ്യർ 3:16

ആത്മാവിലും പാടും ബുദ്ധിയിലും പാടും – 1 കൊരിന്ത്യർ 14:15

ഹൃദയത്തിൽ കീർത്തനം ചെയ്തും – എഫേസ്യർ 5:19



## ചോദ്യവും ഉത്തരവും

### ആരാധനയിൽ സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്നത് പാപമാണോ?

പൊതുവെ സംഗീത ഉപകരണങ്ങളുടെ ഉപയോഗം അതിൽ തന്നെ തെറ്റല്ല. എന്നിരുന്നാലും വചനപ്രകാരവും സഭാചരിത്ര പശ്ചാത്തലം അനുസരിച്ചും പറഞ്ഞാൽ പ്രസ്തുത ഉപകരണങ്ങളുടെ ഉപയോഗം ആയോഗ്യവും ദൈവത്തിന്റെ പ്രസാദകരമായ ആരാധനയ്ക്ക് സ്വീകാര്യവുമല്ല. പൊതുവെ എല്ലാവരും ഉപകരണങ്ങൾ ഉപയോഗിക്കുന്നവരാണല്ലോ. എന്ന് ന്യായം പറഞ്ഞു കൊണ്ട് മിക്കവർക്കും വ്യത്യസ്ത കാഴ്ചപ്പാടാണ് ഈ വിഷയത്തിലുള്ളത്. ഇതുപോലുള്ള ചെറിയ വിഷയങ്ങളിൽ കറുത്ത പാപം വെളുത്ത പാപം എന്ന വേർതിരിവില്ലാതെ ദൈവവുമായുള്ള സുദൃഢമായ ബന്ധത്തിന് വിഘ്നം വരുത്താത്ത സത്യസന്ധമായ നിലപാടാണ് നമുക്ക് ആവശ്യം. യാക്കോബ് 4 :17 "നന്മ ചെയ്യുവാനറിഞ്ഞിട്ടും ചെയ്യാത്തവന് അത് പാപം തന്നെ." " ഉപകരണങ്ങളോടുള്ള മമത" മുഖാന്തരം സത്യം അറിഞ്ഞിട്ടും മാറ്റത്തിന് വിധേയമാകാതെ ആരെങ്കിലും മുന്നോട്ടു പോയത് അതവന് പാപമായിത്തീരുകയും അവന്റെ ഹൃദയകാഠിന്യത്തിന്റെ തക്ക ശിക്ഷ ലഭിക്കും. യാന്ത്രീക ഉപകരണത്തിന്റെ അകമ്പടി ഇല്ലാതെയുളള ആത്മാവിലുളള ആരാധനയാണ് ഏറ്റവും കാര്യക്ഷമതയുള്ള ശൈലി. ഇതറിഞ്ഞിട്ടും പ്രായോഗികമായി അംഗീകരിക്കാത്തവർ യഥാർത്ഥ ആത്മവിലുള്ള ആരാധനയുടെ മാധുര്യം നഷ്ടപ്പെടുത്തുന്നവർ തന്നെ.

- MWS

### "ദൈവത്തിന് ബോധിച്ച മനുഷ്യനായിരിന്നിട്ടു കൂടി ദാവീദിന്റെ നിർദ്ദേശ പ്രകാരമുള്ള സംഗീത ഉപകരണങ്ങളോടു കൂടിയ ആരാധന നാം പിന്തുടരാത്തതെന്തുകൊണ്ട്?

എല്ലാ തിരുവെഴുത്തും അതതിന്റെ പശ്ചാത്തലവും ദൈവീക ഇടപെടലും അനുസരിച്ചായിരിക്കണം പ്രസ്തുത സത്യങ്ങൾ വ്യാഖ്യാനിക്കേണ്ടത്. സങ്കി. 144 : 1-ൽ " എന്റെ പാറയാകുന്ന യഹോവ വാഴ്ത്തപ്പെട്ടവൻ അവൻ യുദ്ധത്തിന് എന്റെ കൈകളെയും പോരിന് എന്റെ വിരലുകളെയും അഭ്യസിപ്പിക്കുന്നു." ദാവീദ് ചെയ്ത എല്ലാ യുദ്ധങ്ങളിലും ദൈവം അവനോടു കൂടെ ഇരുന്ന് സഹായിക്കുകയും ശത്രുക്കളെ അവന് കീഴ്പ്പെടുത്തി കൊടുക്കുകയും ചെയ്തു. എന്നാൽ ഇന്ന് ദൈവം നമ്മോട് ആവശ്യപ്പെടുന്നത് യുദ്ധങ്ങളെ നിർത്തൽ ചെയ്യുവാനും ശത്രുക്കളെ സ്നേഹിക്കുവാനുമാണ്. നമ്മെ പകെക്കുന്നവർക്കായി നന്മചെയ്യുവാനും ഉപദ്രവിക്കുന്നവർക്കായി പ്രാർത്ഥിക്കുവാനാണ്. (മത്തായി. 5: 38 -45) ഒന്നിലധികം ഭാര്യമാരുമായി ജീവിക്കുവാനും തത്ഫലമായിട്ടുള്ള സന്തതി പരമ്പരകളുമായി അനുഗ്രഹ സമൃദ്ധിയായി വിരാജിക്കുവാനും ദൈവം ദാവീദിനെ അനുവദിച്ചു. എന്നാൽ ഇന്ന് ദൈവം ഇത്തരത്തിലുള്ള രീതിയെ ന്യായം വിധിക്കുകയും ദാവീദിനെ ഈ വിഷയത്തിൽ പിന്തുടരുന്നവരെ ഒരിക്കലും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നില്ല. അതുകൊണ്ട് ദൈവവചനം എല്ലായ്പ്പോഴും അതിന്റെ പശ്ചാത്തലം ഉൾകൊണ്ട് വേണം വ്യാഖ്യാനിക്കുവാൻ.

അതുപോലെ തന്നെ സങ്കീ 150 : 3-8 വരെയുള്ള വേദഭാഗവും സങ്കീർത്തനത്തിലെ മറ്റു വേദഭാഗങ്ങളും ആരാധനയിൽ സംഗീത ഉപകരണത്തോടെ നൃത്തം ചെയ്ത ദൈവത്തെ ആരാധിക്കുവാൻ ആഹ്വാനം നൽകുന്നവയാണ്. ഇത്തരത്തിലുള്ള പഴയനിയമഭാഗങ്ങൾ പുതിയനിയമ കാലമായ ഇന്ന് ഉപദേശമായി സ്വീകരിക്കുവാനോ പിന്തുടരുവാനോ കഴിയില്ല. ഇന്ന് നാം ജീവിക്കുവാനായി ദൈവം ആവശ്യപ്പെടുന്ന "യോഗ്യമായ രീതിയത്രെ" പുതിയ നിയമ ഉപദേശങ്ങൾ.

അതെ, ദാവീദിന്റെ കാലത്തു ദൈവത്തിനു ബോധിച്ച മനുഷ്യർ തന്നെയായിരുന്നു അദ്ദേഹം. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ ദൈവത്തിന് ബോധിച്ച മനുഷ്യൻ എന്ന മാനദണ്ഡം ദാവിന്റെ ജീവിത ശൈലിയെക്കാൾ ഉന്നതമാണ്, ഉദാത്തമാണ്. -Harlan Sorrell

### റോമർ 15: 9 ലും യാക്കോബ് 5: 13 ലും പരാമർശിക്കുന്ന പാട്ട് എന്ന വാക്കിന് 'സോളോ' എന്ന ഗ്രീക്ക് പദമാണ് ഉപയോഗിച്ചിട്ടുള്ളത്. പുതിയ നിയമത്തിൽ ഈ പാട്ട് സംഗീത ഉപകരണങ്ങളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതാണോ?

അല്ല, ഈ വേദഭാഗങ്ങൾ സംഗീത ഉപകരണങ്ങളുടെ ഉപയോഗത്തെ ന്യായികരിക്കുകയോ നിർദ്ദേശിക്കുകയോ അല്ല. നൂറ്റാണ്ടുകളായി 'സോളോ' എന്ന വാക്കിനെക്കുറിച്ചുള്ള വ്യാഖ്യാനത്തിന് ചില ഘടക വിരുദ്ധമായ ചില വിവാദങ്ങളുണ്ടായിട്ടുണ്ട്. പല ഗ്രീക്ക് നിഘണ്ടുവിലും കാണുന്ന അർത്ഥം തന്ത്രിവാദ്യം ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന ഞാണൊലി അഥവാ മുഴക്കം എന്നാണ്. എന്നാൽ മാന്യരും അറിവുള്ളവരുമായ ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ പുതിയ നിയമത്തിൽ ഈ വാക്ക് "പാട്ട്" എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്.

Thayer's Greek- English Lexicon of the New Testament - ൽ സോളോ എന്നത് " ദൈവത്തെ പ്രകീർത്തിക്കുന്ന ഒരു ഗാനം പാടുന്നതിനെയാണ് ".

Vine's Expository Dictionary of New Testament Words - ലും സോളോ എന്നതിന് ആധികാരികമായ നിർവ്വചനമായി "പുതിയ നിയമത്തിൽ സ്തുതിഗീതം പാടുക, പാടി പുകഴ്ത്തുക" എന്നാണ് പ്രതിപാധിച്ചിരിക്കുന്നത്.

- MWS

Printed matter only

**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**

വാങ്ങിയപ്പോൾ നാലു ജീവികളും ഇരുപത്തിനാല് മൂപ്പന്മാരും ഓരോരുത്തൻ വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻ കലശവും പിടിച്ചുകൊണ്ട്  കുഞ്ഞാടിന്റെ മുമ്പിൽ വീണു.- വെളിപാട് 5 :8

വീണ്ടെടുപ്പിൻ ഗാനം പാടികൊണ്ട്, കയ്യിൽ വീണയും പിടിച്ചു കൊണ്ട് സിംഹാസനത്തിന്റെ ചുറ്റും നിൽക്കുന്ന ദൂതന്മാരുടെ മനോഹരമായ ചിത്രം നമുക്ക് നൽകി കൊണ്ട് ആലങ്കാരിക ഭാഷയാൽ എഴുതിയിട്ടുള്ളതാണ് വെളിപ്പാടു പുസ്തകം. ദൈവത്തെ സ്തുതിക്കുന്നതുമായി ബന്ധപ്പെട്ട്  ആലങ്കാരികമായി വിവരിക്കുകയാണിവിടെ. വീണ എന്ന ഉപകരണം സ്വർഗ്ഗത്തിൽ അക്ഷരീകമല്ല, പ്രതീകാത്മകമാണ്. ആത്മാവിലുള്ള ഏകീകരണത്തിന്റെയും ഒത്തൊരുമയുടെയും പ്രതീകമായാണിതെല്ലാം സൂചിപ്പിക്കുന്നത്.

**തക്കസമയത്ത് പറഞ്ഞ വാക്ക്**

## നിങ്ങളുടെ വീണകൾ മീട്ടുക

*"ദയാ കവാടം തുറക്കാനായി നിങ്ങളുടെ വീണകളെ മീട്ടുക, ക്രിസ്തുവിന്റെ നാമത്തെ ഉയർത്തി പാടാം. നഷ്ടപ്പെട്ട പാപികൾക്ക് ആ ഗാനം എത്ര മാധുര്യമുള്ളത്. ഏറ്റവും മധുരം നിറഞ്ഞതാണത് തന്റെ വിശുദ്ധന്മാർക്ക് എന്നെന്നേക്കും".*

- Warner, Daniel. The Music of His Name.



ആരാധനയിൽ ഉപകരണം ഉപയോഗിക്കുന്നതിന് മുൻപ്, ആലപിക്കുന്നവർ തമ്മിൽ ഒരു ധാരണയും ഒത്തൊരുമയും ഉാക്കുന്നത് പോലെ ദൈവാത്മാവിൽ ദൈവത്തോടൊരു സുദൃഢമായ  ബന്ധം ഉാക്കിയെടുത്തെങ്കിൽ മാത്രമേ ആരാധന സാധ്യമാകൂ. ഏകോപനമാണ് ഇവിടെ പരമപ്രധാനം.

ദൈവജനം ആരാധനയ്ക്കായി കൂടിവരുമ്പോൾ, എഴുത്തുകാരൻ പറഞ്ഞതു പോലെ "തങ്ങളുടെ വീണകളെ മീട്ടുക" അതായത്, നമ്മുടെ ഓരോരുത്തരുടെ ഹൃദയവും മനസ്സും ദൈവാത്മാവോട് ഏകാഗ്രതയുള്ളതാകത്തക്ക നിലയിൽ ഒരുക്കിയെടുക്കണം. നമ്മുടെ എല്ലാ ഭാരങ്ങളും ആകുലതകളും വെടിഞ്ഞുകൊ് ഒത്തൊരമയോടു കൂടി ക്രിസ്തുവിന്റെ സ്നേഹത്താൽ നിറയുന്ന അനുഗ്രഹീത അനുഭവമാണ് ആത്മീയ ആരാധന. ആത്മാവിലുള്ള ഐക്യതയില്ലാത്ത കൂട്ടമാണ് ആരാധനയ്ക്കായി കൂടിയിട്ടുളതെങ്കിൽ, അവിടെ അപസ്വരവും അവതാളവുമായിരിക്കും.

സ്വർഗ്ഗീയ യജമാനനുമായി സുദൃഢബന്ധം കാത്തുസൂക്ഷിക്കുന്നവർക്ക് മാത്രമേ ദൈവത്മാവുമായുള്ള ബന്ധത്തിൽ ആരാധിക്കാനാവൂ. ആത്മീയ നേതാക്കന്മാർ തങ്ങളുടെ ഹൃദയങ്ങളെ ദൈവസന്നിധിയിൽ ഏകാഗ്രമായി കേന്ദ്രീകരിച്ചുകൊ് ത്യാഗമനോഭാവത്തോടെ താഴ്മയായി ദൈവസന്നിധിയിൽ ഇരിക്കുക. ഇതു സാധ്യമായാൽ ദൈവാത്മാവിന്റെ ശക്തിയായ ഒഴുക്ക് സമൃദ്ധിയായി അനുഭവവേദ്യമാകും. സ്തുതികളുടെയും സ്തോത്രത്തിന്റെയും ഒരു കവിഞ്ഞൊഴുക്കിലൂടെ "നിങ്ങളുടെ  വീണകളെ മീട്ടാം."

- MWS

if Undelivered
Please return to:

**Contact:**
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**